⇨ *1946ലാണ് ഞാൻ പൊതുപ്രവർത്തനം ആരംഭിക്കുന്നത്* ⇨

# ആരോഗ്യകരമായ ജനാധിപത്യം ഇവിടെ നിലനിൽക്കുന്നില്ല

സംസാരിക്കുവാനുള്ള സ്വാതന്ത്ര്യമാണ് എറ്റവും പ്രധാനപ്പെട്ട മൗലികാവകാശം. അത് എടുത്തുമാറ്റാൻ ഭരണകൂടം ശ്രമിച്ചാൽ ഞാൻ നിശബ്ദനായിരിക്കാൻ തയ്യാറല്ല. ഇന്ത്യ നിലനിൽക്കണമെങ്കിൽ ജനാധിപത്യം നിലനിൽക്കേണ്ടതുണ്ട്.

**ജസ്റ്റിസ് രജീന്ദർ സച്ചാർ**

2014 ഫെബ്രുവരി 1ന് തൃശൂരിൽ വച്ച് നടന്ന ജനാധിപത്യ അവകാശ കൺവെൻഷനിൽ സംസാരിച്ചത്.

**നമ്മുടെ** ഭരണഘടനയുടെ അടിസ്ഥാനം തന്നെ ജനാധിപത്യത്തിൽ അധിഷ്ഠിതമാണ്. സംസാരിക്കുന്നതിനുള്ള അവകാശം അതിൽ ജീവവായുപോലെ പ്രധാനമാണ്. ജനങ്ങളുടെ അടിസ്ഥാന മൗലികാവകാശങ്ങളെ സംബന്ധിച്ച ഭരണഘടനയുടെ 19-ാം വകുപ്പ് ഇക്കാര്യം പൗരന്മാർക്ക് ഉറപ്പുനൽകുന്നുമുണ്ട്. ഭരണഘടന നിലവിൽവന്ന കാലത്ത് അതിലെ പല ഘടകങ്ങളെയും കുറിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചില നേതാക്കന്മാർ വിമർശനങ്ങൾ ഉന്നയിച്ചിരുന്നു. റെമേഷ് ഥാപ്പർ പത്രാധിപരായിരുന്ന 'ക്രോസ്‌വേർഡ്' എന്ന ഇടതുപക്ഷാഭിമുഖ്യമുള്ള പത്രം അന്ന് അത്തരത്തിലുള്ള ചില വിമർശനങ്ങൾ മുന്നോട്ടുവച്ചിരുന്നു. പത്രത്തിനെതിരെ നടപടിയെടുക്കാൻ ഭരണകൂടം മുതിർന്നപ്പോൾ അതുസംബന്ധിച്ച കേസിൽ വിധി പറഞ്ഞ സുപ്രീംകോടതി മൗലികാവകാശങ്ങളുടെ പ്രാധാന്യത്തെ ഉയർത്തിക്കാട്ടുകയുമുണ്ടായി. ഭരണഘടന മുന്നോട്ടുവയ്ക്കുന്ന അടിസ്ഥാനമൂല്യങ്ങളുടെ കാവലാളായി സുപ്രീംകോടതി പലപ്പോഴും മാറിയിട്ടുണ്ട്. അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള സ്വാതന്ത്ര്യം ഏറ്റവും പ്രധാനമായ സ്വാതന്ത്ര്യമാണ്. അതിന് തടസ്സം നിൽക്കുന്ന ഒരു നീക്കത്തെയും അംഗീകരിക്കാൻ പാടില്ല എന്നത് സുപ്രീംകോടതി പല വിധികളിലൂടെയും വ്യക്തമാക്കിയിട്ടുണ്ട്. ഭരണകൂടത്തിന്റെ സുരക്ഷിതത്വത്തിന് ഭീഷണിയായി മാറുന്നെങ്കിൽ ഈ മൗലീകാവകാശം നിഷേധിക്കാം എന്ന സ്റ്റേറ്റിന്റെ വാദമുഖങ്ങളെ അക്കാലത്തുതന്നെ സുപ്രീംകോടതി തള്ളിക്കളഞ്ഞിട്ടുണ്ട്. പൊതുസുരക്ഷയ്ക്ക് തടസ്സമുണ്ടാകുമ്പോൾ മാത്രമേ മൗലീകാവകാശങ്ങൾ പുനഃപരിശോധിക്കേണ്ടതുള്ളൂ എന്ന നിലപാടാണ് പരമോന്നത നീതിന്യായ കോടതി മുന്നോട്ടുവച്ചിട്ടുള്ളത്.

ഡൽഹി ഹൈക്കോടതിയുടെ മുൻ ചീഫ് ജസ്റ്റിസ് എന്ന നിലയിൽ എന്നെ പരിചയപ്പെടുത്തുന്നതിൽ എനിക്ക് ഖേദമുണ്ട്. 1946ലാണ് ഞാൻ പൊതുപ്രവർത്തനം ആരംഭിക്കുന്നത്. റാം മനോഹർ ലോഹ്യയുടെ നേതൃത്വത്തിലുണ്ടായിരുന്ന സോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗമായിരുന്നു ഞാൻ. നേപ്പാളിന്റെ പ്രധാനമന്ത്രിപദം ഏറ്റെടുത്ത റാണ ഏകാധിപത്യ സ്വഭാവത്തോടെ ഭരണം നടത്തുന്നതിനെതിരെ പ്രതിഷേധിച്ചുകൊണ്ട് ഡൽഹിയിലെ നേപ്പാൾ എംബസി

യിലേക്ക് അന്ന് ഞങ്ങൾ മാർച്ച് നടത്തിയിരുന്നു. ലോഹ്യയുടെ നേതൃത്വത്തിൽ നടന്ന മാർച്ചിൽ ഞാൻ അടക്കം അമ്പതോളം പേർ പങ്കെടുത്തിരുന്നു. പോലീസ് ഞങ്ങളെ ജയിലിൽ അടച്ചു. സ്ഥലത്ത് 144 പ്രകാരം നിരോധനാജ്ഞ പ്രഖ്യാപിച്ചു. എന്റെ അച്ഛൻ അന്ന് പഞ്ചാബിന്റെ മുഖ്യമന്ത്രിയായിരുന്നു. ജയിൽവകുപ്പ് ഭരണവും അദ്ദേഹത്തിനായിരുന്നു. ഭരണപരമായ കാര്യങ്ങളുമായി ബന്ധപ്പെട്ട് ജയിൽ സന്ദർശനം നടത്തുമ്പോഴാണ് ഞാൻ ജയിലിലാണെന്ന വിവരം അദ്ദേഹം അറിയുന്നത്. ഏറെക്കാലത്തിന് ശേഷം അവിടെവച്ചാണ് ഞങ്ങൾ പരസ്പരം കാണുന്നത്. സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകർ ഭരണകൂടത്തിന്റെ ഭാഗത്ത് നിന്നും ഒരുതരത്തിലുള്ള ആനുകൂല്യവും പ്രതീക്ഷിക്കുന്നവരായിരുന്നില്ല എന്നതിനാൽ ജയിലിൽ നിന്ന്

"ഒരു പ്രസ്ഥാനം സമാധാനപരമായാണ് പ്രവർത്തിക്കുന്നതെങ്കിൽ അത് നികുതി കൊടുക്കുകയില്ല എന്ന് പ്രഖ്യാപിച്ചാൽ പോലും ആ പ്രവർത്തനം നിയമവിരുദ്ധമോ ഭരണഘടനാവിരുദ്ധമോ ആയി കണക്കാക്കാൻ കഴിയില്ല" എന്നാണ് അന്ന് കോടതി പറഞ്ഞത്. സമാധാപരമായ മാർഗ്ഗത്തിലൂടെ നിയമലംഘന സമരങ്ങൾ നടത്താൻ ഒരു പ്രസ്ഥാനത്തിന് അവകാശമുണ്ട് എന്ന കാര്യമാണ് ഈ നിരീക്ഷണത്തിലൂടെ കോടതി മുന്നോട്ട് വച്ചത്.

ഞാൻ ഒരിളവും പ്രതീക്ഷിച്ചിരുന്നില്ല. ചില മൂല്യങ്ങൾക്കുവേണ്ടിയാണ് ഞങ്ങൾ നിലകൊണ്ടിരുന്നത് എന്നതിനാൽ അത് ഒരിക്കലും അംഗീകരിക്കാനും കഴിയുമായിരുന്നില്ല. സമരങ്ങളിലെല്ലാം ഞങ്ങൾ അത് പാലിച്ചിരുന്നു. നെഹ്റു കുടുംബവും ലോഹ്യയും തമ്മിൽ അടുത്ത ബന്ധം പുലർത്തിയിരുന്നെങ്കിലും അതിന്റെ പേരിൽ ഒരു സൗകര്യവും സ്വീകരിക്കാൻ ഞങ്ങൾ തയ്യാറായിരുന്നില്ല. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയ പാർട്ടികൾ ആർജ്ജിച്ച ഇത്തരം മൂല്യങ്ങൾക്കെല്ലാം പിന്നീട് വലിയ ശോഷണം സംഭവിച്ചത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്.

ഇന്ന് പൗരാവകാശങ്ങൾ ഹനിക്കപ്പെടുന്ന രാഷ്ട്രീയ സാഹചര്യം കേരളത്തിലും കൂടിവരുകയാണ് എന്നത് ദൗർഭാഗ്യകരമായ കാര്യമാണ്. നെഹ്റുവിന്റെ പാർട്ടിയുടെ പിന്തുടർച്ച അവകാശപ്പെടുന്ന സർക്കാരാണ് കേരളം ഭരിക്കുന്നത്. നെഹ്റുവിന്റെ വാക്കുകൾ ശ്രദ്ധിക്കണമെന്നും പഠിക്കണമെന്നുമാണ് ഈ സർക്കാരിനോട് എനിക്ക് ആവശ്യപ്പെടാനുള്ളത്. പൗരസ്വാതന്ത്ര്യത്തെ മാനിക്കുന്ന നിലപാടായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. പത്രസ്വാതന്ത്ര്യത്തെ അദ്ദേഹം പൂർണ്ണമായും അനുകൂലിച്ചിരുന്നു. 1975ൽ അടിയന്തരാവസ്ഥയുടെ രൂപത്തിൽ പത്രങ്ങൾക്കുമേൽ വിലക്കുകൾ വന്നപ്പോൾ നെഹ്റുവിന്റെ ഈ നിലപാട് ഇന്ദിരയെ ഓർമ്മിപ്പിക്കാൻ ഞങ്ങൾ ശ്രമിച്ചിരുന്നു. അതുതന്നെയാണ് ഇപ്പോൾ കേരള സർക്കാരിനെയും ഓർമ്മിപ്പിക്കാനുള്ളത്. നരേന്ദ്ര മോദിയെപ്പോലുള്ള ഒരാൾ രാജ്യം ഭരിക്കുമ്പോൾ പൗരാവകാശങ്ങൾ ഹനിക്കപ്പെടുന്നത് മനസ്സിലാക്കാം. നെഹ്റുവിന്റെ പിന്തുടർച്ചക്കാരായ കോൺഗ്രസിന്റെ പക്ഷത്ത് നിന്നും ഇത് സംഭവിക്കുന്നത് തീർത്തും അപലപനീയമാണ്.

ഇന്ത്യൻ ഭരണഘടനയുടെ 14 മുതലുള്ള വകുപ്പുകൾ ഉറപ്പുനൽകുന്ന മൗലീകാവകാശങ്ങളുടെ തുടർച്ച തന്നെയാണ് 22-ാം വകുപ്പിലും ഉൾപ്പെട്ടിരിക്കുന്നത്. ഈ വകുപ്പുകൾ അനുവദിക്കുന്ന അവകാശങ്ങളെല്ലാം ലംഘിച്ചുകൊണ്ടാണ് ഇവിടെ എപ്പോഴും അറസ്റ്റ് നടക്കാറുള്ളത്. അറസ്റ്റ് നടത്തുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ച് സുപ്രീംകോടതി നൽകിയ നിർദ്ദേശങ്ങളും പലപ്പോഴും പാലിക്കപ്പെടാറില്ല എന്നതാണ് വസ്തുത. സോഷ്യലിസ്റ്റ് പാർട്ടി ഉത്തർപ്രദേശിൽ പ്രവർത്തനം ആരംഭിക്കുന്ന കാലത്ത് കർഷകരുടെ അവകാശങ്ങൾക്ക് വേണ്ടി നിരവധി പ്രക്ഷോഭങ്ങൾ നടത്തുകയുണ്ടായി. ജലസേചനത്തിന് ഏർപ്പെടുത്തിയ അധികനികുതി ചുമത്തലിൽ പ്രതിഷേധിച്ചുകൊണ്ട്, നികുതി കൊടുക്കില്ല എന്നുപറഞ്ഞ് നടന്ന പ്രക്ഷോഭമായിരുന്നു അതിൽ പ്രധാനം. കോടതിയുടെ മുന്നിൽ ഇതുമായി ബന്ധപ്പെട്ട ചില കേസുകൾ വന്നപ്പോൾ കോടതി നടത്തിയ ഒരു നിരീക്ഷണം എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. "ഒരു പ്രസ്ഥാനം സമാധാനപരമായാണ് പ്രവർത്തിക്കുന്നതെങ്കിൽ അത് നികുതി കൊടുക്കുകയില്ല എന്ന് പ്രഖ്യാപിച്ചാൽ പോലും ആ പ്രവർത്തനം നിയമവിരുദ്ധമോ ഭരണഘടനാവിരുദ്ധമോ ആയി കണക്കാക്കാൻ കഴിയില്ല" എന്നാണ് അന്ന് കോടതി പറഞ്ഞത്. സമാധാപരമായ മാർഗ്ഗത്തിലൂടെ നിയമലംഘന സമരങ്ങൾ

⇨ ഇത്തരം അനീതികൾക്കെതിരെ പോരാടുന്നവരെ വലിയ കുറ്റവാളികളായാണ് ഭരണകൂടം പരിഗണിക്കുന്നത് ⇨



തൃശൂരിൽ വച്ച് നടന്ന ജനാധിപത്യ അവകാശ കൺവെൻഷനിൽ ജസ്റ്റിസ് രജീന്ദർ സച്ചാർ സംസാരിക്കുന്നു

നടത്താൻ ഒരു പ്രസ്ഥാനത്തിന് അവകാശമുണ്ട് എന്ന കാര്യമാണ് ഈ നിരീക്ഷണത്തിലൂടെ കോടതി മുന്നോട്ട് വച്ചത്. കേരളത്തിലും ആദിവാസികളുടെയും കൊക്കക്കോളയെ പോലുള്ള ബഹുരാഷ്ട്ര കുത്തകകൾ നടത്തുന്ന ചൂഷണത്തിന് ഇരകളായിത്തീർന്നവരുടെയും മുൻകൈയിൽ സമരങ്ങൾ നടക്കുന്നുണ്ട്. ഇത്തരം സമരം നയിക്കുന്നവരെല്ലാം രാജ്യദ്രോഹം കുറ്റം ചെയ്യുന്നവരാണ് എന്ന തരത്തിലാണ് ഭരണകൂടം ഇതിനെയെല്ലാം നോക്കിക്കാണുന്നത്. ഞാൻ മുമ്പ് സൂചിപ്പിച്ച, സുപ്രീംകോടതി പറഞ്ഞിട്ടുള്ള മാനദണ്ഡം പരിഗണിച്ചുകൊണ്ട് ഈ സമരങ്ങളെ പരിഗണിക്കാൻ സർക്കാർ തയ്യാറാകണം. സമരം ചെയ്യുന്നതിനുള്ള അവകാശം ഭരണഘടനാനുസൃതമായി നിലനിൽക്കുമ്പോൾ പോലും സമരങ്ങളോട് പോലീസ് തുടരുന്ന സമീപനം ഞെട്ടലുണ്ടാക്കുന്നതാണ്.

കേന്ദ്രം ഭരിക്കുന്ന മോദി സർക്കാർ കോർപ്പറേറ്റുകൾക്ക് വേണ്ടിയാണ് രാജ്യം ഭരിക്കുന്നത്. നമ്മുടെ രാജ്യം കോർപ്പറേറ്റുകളാൽ ഭരിക്കപ്പെടുന്ന ഒരു രാജ്യമായി മാറിയിരിക്കുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പ് ഫലം വരുന്നതിന് മുമ്പ് 66 കോടീശ്വരന്മാരാണ് ഇന്ത്യയുടെ കോർപ്പറേറ്റ് സെക്ടറിൽ ഉണ്ടായിരുന്നത്. ഇപ്പോൾ അത് 67 ആയി മാറിയിരിക്കുന്നു. 67-ാമത്തെ കോടീശ്വരൻ ഗൗതം അദാനിയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്ന അതേ തീയതിയിലാണ് അദ്ദേഹവും കോടീശ്വരനായി അംഗീകരിക്കപ്പെട്ടത് എന്നതും നാം അറിയണം. യു.പി.എ സർക്കാർ പുലർത്തിയിരുന്ന ജനകീയനാട്യങ്ങൾ പോലും കാണിക്കാൻ കഴിയാതെ ഈ സർക്കാർ പൂർണ്ണമായും കോർപ്പറേറ്റുകൾക്ക് വിധേയരായിത്തീർന്നിരിക്കുന്നു. രാജ്യത്തിന്റെ പുരോഗതിക്ക് കോർപ്പറേറ്റുകളുടെ വികസനാധിപത്യം ആവശ്യമാണെന്നാണ് ലജ്ജയില്ലാതെ ഭരണകൂടം പറഞ്ഞുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷമായി ഗൗതം അദാനി ആസ്ട്രേലിയയിൽ ഖനനാനുമതി കിട്ടുന്നതിനായി ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവർ നടത്തിയ ഖനന ശ്രമങ്ങൾക്കെതിരെ ശക്തമായ എതിർപ്പ് ആസ്ട്രേലിയയിലെ പരിസ്ഥിതി സംഘടനകളുടെയും തദ്ദേശീയ ജനതയുടെയും ഭാഗത്ത് നിന്നുമുണ്ട്. എന്നാൽ അധികാരത്തിൽ വന്ന ശേഷം പ്രധാനമന്ത്രി എന്ന നിലയിൽ മോദി ആസ്ട്രേലിയ സന്ദർശിച്ചപ്പോൾ അദാനിക്ക് ആ ഖനനാനുമതി ലഭിക്കുകയാണുണ്ടായത്. പ്രധാനമന്ത്രിയുടെ നേരിട്ടുള്ള ഇടപെടലിനെ തുടർന്ന് 6000 കോടി രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വഴി അദാനിക്ക് വായ്പ കൊടുക്കാനും തീരുമാനമായി. ആസ്ട്രേലിയയിലെ എതിർപ്പുകളെ മറികടക്കാനും കഴിഞ്ഞു. നിയമകാര്യവിദഗ്ധരുമായോ ബാങ്ക് അധികൃതരുമായോ ചർച്ച ചെയ്യാതെയാണ് മോദി വായ്പ കൊടു

ക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തത്. ബാങ്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും ഇതിനെതിരെ വലിയ പ്രതിഷേധം ഉയർന്നുവരുന്നുണ്ട്. ഇതാണ് നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. ഇത്തരം അനീതികൾക്കെതിരെ പോരാടുന്നവരെ വലിയ കുറ്റവാളികളായാണ് ഭരണകൂടം പരിഗണിക്കുന്നത്. നിശബ്ദരായിരിക്കുക എന്നത് കുറ്റകരമായി തീർന്നിരിക്കുന്ന ഒരു കാലമാണിത്. ഈ സ്ഥിതിവിശേഷത്തിൽ നിന്നും ആർക്കും ഒളിച്ചോടാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുന്നു. കേരളീയത്തിന് നേരെ നടന്ന പോലീസ് നടപടികൾക്കെതിരെയും ശബ്ദമുയർത്തേണ്ടുന്നതിന്റെ പ്രാധാന്യം അതാണ്. കേരളീയത്തിന്റെ അവകാശങ്ങൾ ലംഘിക്കപ്പെട്ടപ്പോൾ എന്റെ മൗലികവാകശങ്ങളാണ് ലംഘിക്കപ്പെട്ടത്. ഇതിനെതിരെ സംസാരിക്കുക എന്നത് അതുകൊണ്ടുതന്നെ എന്റെ കടമയാണ്. സംസാരിക്കുവാനുള്ള സ്വാതന്ത്ര്യമാണ് എറ്റവും പ്രധാനപ്പെട്ട മൗലികാവകാശം. അത് എടുത്തുമാറ്റാൻ ഭരണകൂടം ശ്രമിച്ചാൽ ഞാൻ നിശബ്ദനായിരിക്കാൻ തയ്യാറല്ല. അടിയന്തരാവസ്ഥയുടെ അനുഭവങ്ങൾ ഇക്കാര്യങ്ങൾ കുറച്ചുകൂടി സ്പ്ഷ്ടമായി നമുക്ക് മുന്നിൽ തുറന്നിടുന്നുണ്ട്.

ഇന്ത്യ നിലനിൽക്കണമെങ്കിൽ ജനാധിപത്യം നിലനിൽക്കേണ്ടതുണ്ട്. ലോക മുതലാളിമാർ ഐക്യപ്പെട്ടുകൊണ്ടിരിക്കുന്ന കാലമാണിത്. അമേരിക്കയിലെയും യൂറോപ്പിലെയും വ്യവസായമേഖലകൾ മാന്ദ്യം അനുഭവിക്കുകയാണ്. അവരുടെ ആ പ്രതിസന്ധി മറികടക്കുന്നതിനായി ഇന്ത്യയിലിരുന്ന് നമ്മൾ അധ്വാനിക്കണം എന്ന നിലപാടാണ് ഭരിക്കുന്നവരുടെ മനസ്സിലുള്ളത്. അമേരിക്കയുടെ വ്യവസായം പുഷ്ടിപ്പെടുന്നതിനായി ഇന്ത്യയിലെ പ്രകൃതിവിഭവങ്ങൾ മലിനീകരിക്കാൻ അനുവദിക്കണം എന്നാണ് നമ്മുടെ ഭരണകൂടം ആവശ്യപ്പെടുന്നത്. ഒരു മുഖ്യമന്ത്രി മാറി മറ്റൊരാൾ വന്നതുകൊണ്ട് മാത്രം, രാഷ്ട്രീയ പാർട്ടികൾ മാറിവന്നതുകൊണ്ടു മാത്രം പ്രശ്നങ്ങൾ അവസാനിക്കുന്നില്ല എന്ന സ്ഥിതി സംജാതമായിരിക്കുന്നു. ഭരണമാറ്റത്തിൽ ജനങ്ങൾക്ക് വ്യത്യസ്തത അനുഭവപ്പെടുന്നില്ല.

കേരളത്തിൽ ആദ്യമുണ്ടായത് പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള ഒരു സോഷ്യലിസ്റ്റ് സർക്കാരാണ്. തൊഴിലാളികളുടെ സമരത്തിന് നേരെ ആ സർക്കാർ വെടിയുതിർക്കുകയും മൂന്ന് പേർ കൊല്ലപ്പെടുകയും ചെയ്ത സാഹചര്യമുണ്ടായി. ആ സംഭവം സോഷ്യലിസ്റ്റ് പാർട്ടിക്കുള്ളിൽ വലിയ ചർച്ചകൾക്ക് കാരണമായി തീർന്നു. മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന ആവശ്യമുയർന്നു. ഈ വിഷയത്തിന്മേൽ സോഷ്യലിസ്റ്റ് പാർട്ടിയിൽ പിളർപ്പ് പോലുമുണ്ടായി. അറുപതിനായിരത്തോളം മനുഷ്യർ സ്വതന്ത്ര ഇന്ത്യയിൽ പോലീസ് വെടിവയ്പ്പിനാൽ കൊല്ലപ്പെട്ടിട്ടുണ്ട്. ജനങ്ങൾക്കുനേരെ ഭരണകൂടം നടത്തുന്ന ഈ അതിക്രമത്തോട് നിശബ്ദത പുലർത്തുക എന്നത് തീർച്ചയായും ഒരു കുറ്റകൃത്യമാണ്. ആദിവാസികളും പാർശ്വവത്കൃതരും വിഭവചൂഷണത്തിനും മലിനീകരണത്തിനും എതിരായി അനേകം സമരങ്ങൾ ഇന്ത്യയിലെമ്പാടും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അത്തരം സമരങ്ങളുടെ നേതൃത്വ സ്ഥാനത്തേക്ക് വരേണ്ട സംസ്ഥാനമാണ് കേരളം. എന്നാൽ ഇവിടെ പ്രതിപക്ഷ പാർട്ടികൾക്ക് പോലും ഇക്കാര്യം എന്തുകൊണ്ട് വേണ്ടവിധം ഉന്നയിക്കാൻ കഴിയുന്നില്ല എന്നത് അവർ ചിന്തിക്കേണ്ട കാര്യമാണ്.

ഡിസംബർ 25 ക്രിസ്തുമസ് ദിനം അവധി ദിവസം അല്ലാതാക്കുന്നതിനുള്ള ഒരു തീരുമാനം മോദി കൈക്കൊണ്ടപ്പോൾ ദില്ലിയിൽ ഞങ്ങൾ അതിനെ എതിർത്തുകൊണ്ട് രംഗത്തുവന്നിരുന്നു. വർഗ്ഗീയ വിദ്വേഷമുണ്ടാക്കാൻ ശ്രമിക്കുന്ന ആർ.എസ്.എസ്സുകാരോടും മോദിയോടും എനിക്ക് ഓർമ്മിപ്പിക്കാനുള്ളത് സ്വാമി വിവേകാനന്ദന്റെ വാക്കുകളാണ്. ഹിന്ദു എന്ന നിലയിൽ അഭിമാനം കൊണ്ടിരുന്നപ്പോഴും ഇതരമതക്കാരെ അധി

എന്തുകൊണ്ട് സോഷ്യലിസം ഒരു വ്യവസ്ഥയായി ഭരണഘടനയുടെ ആമുഖത്തിൽ എഴുതി ചേർത്തില്ല എന്ന് ഭരണഘടനാ ശില്പിയായിരുന്ന അംബേദ്കറോട് ഒരാൾ ചോദിച്ചു. ഇന്ത്യൻ ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ വാസ്തവത്തിൽ സോഷ്യലിസ്റ്റ് സമൂഹ സൃഷ്ടിയെക്കുറിച്ചുള്ള സങ്കൽപങ്ങളാണ് എഴുതിച്ചേർത്തിരിക്കുന്നത് എന്നതിനാൽ സോഷ്യലിസം എന്നത് സവിശേഷമായി പറയേണ്ടതില്ല എന്നാണ് അംബേദ്കർ പറഞ്ഞ മറുപടി.

ക്ഷേപിച്ച ഒരു സന്ന്യാസിയായിരുന്നില്ല വിവേകാനന്ദൻ. യേശുവിനെയും ബുദ്ധനെയും പോലുള്ള മഹാപുരുഷന്മാരുടെ പാരമ്പര്യത്തെ പ്രകീർത്തിക്കാൻ അദ്ദേഹം മടിച്ചില്ല. ഹിന്ദു മതത്തിലും ഇസ്ലാമിലുമുള്ളവരുടെ ഒരു സംയോജിത സ്ഥിതി ഇന്ത്യയിൽ ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

എന്തുകൊണ്ട് സോഷ്യലിസം ഒരു വ്യവസ്ഥയായി ഭരണഘടനയുടെ ആമുഖത്തിൽ എഴുതി ചേർത്തില്ല എന്ന് ഭരണഘടനാ ശില്പിയായിരുന്ന അംബേദ്കറോട് ഒരാൾ ചോദിച്ചു. ഇന്ത്യൻ ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ വാസ്തവത്തിൽ സോഷ്യലിസ്റ്റ് സമൂഹ സൃഷ്ടിയെക്കുറിച്ചുള്ള സങ്കൽപ്പങ്ങളാണ് എഴുതിച്ചേർത്തിരിക്കുന്നത് എന്നതിനാൽ സോഷ്യലിസം എന്നത് സവിശേഷമായി പറയേണ്ടതില്ല എന്നാണ് അംബേദ്കർ പറഞ്ഞ മറുപടി. ഒരു കേസിൽ വിധി പറയുമ്പോൾ സുപ്രീംകോടതിയും സമാനമായ അഭിപ്രായം പറയുകയുണ്ടായി. ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങൾ ആത്യന്തികമായി സോഷ്യലിസത്തെക്കുറിച്ച് സംസാരിക്കുന്നതുകൊണ്ട് അത് ആമുഖത്തിൽ പ്രത്യേകം എഴുതിച്ചേർക്കേണ്ടതില്ല എന്ന് സുപ്രീംകോടതി നിരീക്ഷിച്ചു. സോഷ്യലിസ്റ്റ് സങ്കൽപ്പം യാഥാർത്ഥ്യമാക്കേണ്ടത് ഒരു അടിയന്തര ആവശ്യമായി തോന്നിയ സാഹചര്യത്തിലാണ് 1976ൽ സോഷ്യലിസവും ആമുഖത്തിൽ എഴുതി ചേർത്തത്.

ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളോട് ഹീനമായ രീതിയിലാണ് മോദി സർക്കാർ പെരുമാറുന്നത്. ജനാധിപത്യത്തിന്റെയും പാർലമെന്ററി സമ്പ്രദായത്തിന്റെയും മൂല്യങ്ങൾ ആക്രമിക്കപ്പെടുന്ന കാലമാണിത്. പ്രധാനമന്ത്രി ഓരോ വകുപ്പ് സെക്രട്ടറിമാരെയും ഒറ്റയ്ക്ക് വിളിച്ച് സംസാരിക്കുകയും തന്റെ ആവശ്യങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്ന സ്ഥിതി ജനാധിപത്യത്തിന് അത്യന്തം മോശമാണ്. പ്രധാനമന്ത്രി ഉന്നതനായി പരിഗണിക്കപ്പെടുകയും അദ്ദേഹത്തിന്റെ വാക്കുകൾ അന്തിമ വചനങ്ങളായി വരുകയും ചെയ്യുന്നത് ആരോഗ്യകരമായ ജനാധിപത്യത്തിന്റെ ലക്ഷണമല്ല. അധികാരം കൈയാളുന്നവരുടെ എല്ലാ ചെയ്തികളും വകവച്ചുകൊടുക്കേണ്ട ബാധ്യത ജനാധിപത്യത്തിലില്ല. ഭക്തി, മതപരമായ കാര്യങ്ങളിൽ മോക്ഷത്തിലേക്ക് നയിച്ചേക്കാം. പക്ഷെ രാഷ്ട്രീയത്തിൽ ഭക്തി ഏകാധിപത്യത്തിലേക്കും ജനാധിപത്യ വിരുദ്ധതയിലേക്കും നയിക്കും. അതിന്റെ ലക്ഷണങ്ങളാണ് ഇവിടെ കാണുന്നത്. അസമത്വം നിറഞ്ഞ ഒരു വ്യവസ്ഥ അതിന്റെ അനിവാര്യമായ പീഢനങ്ങൾ ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുമ്പോൾ അതിനെ എതിർക്കാൻ അസമത്വത്തിന് ഇരയാകുന്നവർ മുന്നോട്ട് വരും എന്ന ചരിത്രവസ്തുത ഇത്തരം ഭരണാധികാരികൾ ഓർക്കേണ്ടതുണ്ട്.

സോഷ്യലിസ്റ്റ് പാർട്ടിക്ക് വേണ്ടി ഏറെക്കാലം പ്രവർത്തിച്ച അനുഭവമുള്ളയാളാണ് ഞാൻ. ഭരണഘടനാവിരുദ്ധമായ ടാഡയും പോട്ടയും പോലെയുള്ള കരിനിയമങ്ങൾക്കെതിരെ പൗരാവകാശ സംഘടനകൾക്കൊപ്പം ചേർന്ന് പോരാട്ടം നടത്താനും കഴിഞ്ഞിട്ടുണ്ട്. ഇത്തരം കരിനിമയങ്ങളിലൂടെ അറസ്റ്റുചെയ്യപ്പെട്ടിട്ടുള്ളവരിൽ വലിയൊരു ശതമാനം ആളുകളും കുറ്റക്കാരാണെന്ന് കോടതിയിൽ തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. കരിനിയമങ്ങൾക്കെതിരെ എക്കാലവും പ്രതിഷേധങ്ങൾ വ്യാപകമാകുന്നതിനുള്ള കാരണവും അതാണ്. എതിർപ്പുകളെ തുടർന്ന് ടാഡയും പോട്ടയും പോയപ്പോഴാണ് യു.എ.പി.എ പുതിയ രൂപത്തിൽ വരുന്നത്. രാഷ്ട്രീയ സംഘടനകളെ നിരോധിക്കുന്നതിനുള്ള ചില വ്യവസ്ഥകൾ കൂടി മുന്നോട്ട് വയ്ക്കുന്നു എന്നതാണ് യു.എ.പി.എയുടെ പ്രധാന പ്രശ്നം. ഈ നിയമങ്ങൾക്കെല്ലാം സമാനമായ ഉള്ളടക്കങ്ങളാണുള്ളത് എന്നതുകൊണ്ട് ടാഡയും പോട്ടയും പിൻവലിച്ചതുകൊണ്ട് ഫലമുണ്ടാകുന്നില്ല. ജനാധിപത്യ അവകാശങ്ങളെ ധ്വംസിക്കുന്ന കരിനിയമങ്ങൾക്കെതിരെ ഉയർന്നുവരേണ്ട സമരങ്ങൾക്കും കേരളം നേതൃത്വം നൽകാൻ തയ്യാറാകണം.

റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കാനെത്തിയ അമേരിക്കൻ പ്രസിഡന്റ് ബറാക്ക് ഒബാമ മതസഹവർത്തിത്വം പാലിക്കാൻ ഇന്ത്യൻ ഭരണാധികാരികൾ തയ്യാറാകണം എന്നുപറഞ്ഞ കാര്യം നിങ്ങൾ ശ്രദ്ധിച്ചുകാണുമല്ലോ. മതസ്വാതന്ത്ര്യം അനുവദിക്കുന്ന കാര്യത്തിൽ ഒരു വിദേശ ഭരണാധികാരിക്ക് ഇന്ത്യൻ ഭരണകൂടത്തെ ഉപദേശിക്കേണ്ട സാഹചര്യം സംജാതമായിരിക്കുന്നു. അത് കേൾക്കേണ്ടിവരുന്ന ഒരു പ്രധാനമന്ത്രിയുടെ അധമബോധം എന്നെ ലജ്ജിപ്പിക്കുന്നു. എന്തായാലും ഈ പ്രതിഷേധ പരിപാടിയിൽ ഇക്കാര്യങ്ങളെല്ലാം നിങ്ങളുമായി പങ്കുവയ്ക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. എനിക്ക് ഈ അവസരം തന്ന നിങ്ങൾക്ക് നന്ദിപറയുന്നു. ■